(സി) തലശ്ശേരി താലൂക്കിൽ പന്ന്യന്നൂർ വില്ലേജ് ഓഫീസിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെടുകയും പൊതുജന സമ്പർക്ക പരിപാടിയിൽ വില്ലേജ് ഓഫീസ് പണിയാൻ തുക പ്രഖ്യാപിക്കുകയും ചെയ്തിട്ടും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 162 വില്ലേജ് ഓഫീസുകൾ.

(ബി) വേക്കളം, പന്നിയന്നൂർ, മാടായി, ചേലേരി.

(സി & ഡി) ഉണ്ട്. പന്ന്യന്നൂർ വില്ലേജ് ഓഫീസിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് ആവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവർത്തനം തുടങ്ങുന്നതാണ്.

ചാരുംമൂട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

116 [1055] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ ജില്ലയുടെ ഭാഗങ്ങളായ പാലമേൽ, നൂറനാട്, താമരക്കുളം, ചുനക്കര, തഴക്കര പഞ്ചായത്തുകളുടെ കേന്ദ്ര സ്ഥലമായ 'ചാരുംമൂട്' കേന്ദ്രമാക്കി ഒരു മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സിവിൽ സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഒരു താലൂക്കിൽ പല സ്ഥലങ്ങളിലായി സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ എല്ലാം ഒരു കെട്ടിട സമുച്ചയത്തിൽ ആക്കി പ്രവർത്തിപ്പിക്കുന്നതിനാണ് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത്. ഒരു താലൂക്കിൽ ഒരു മിനി സിവിൽ സ്റ്റേഷൻ മാത്രമേ പാടുള്ളൂ എന്നാണ് വ്യവസ്ഥ.

LIBRARY ARCHIVES Kerala Legislative Assembly